# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/232/2016 **പത്രക്കുറിപ്പ്** 2016 ഒക്ടോബർ 31

**എം.ജി പി.ജി ഏകജാലകം: പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റ് ഓപ്ഷൻ രജിസ്ട്രേഷൻ നാളെ 5 മണി വരെ**

എം.ജി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള രണ്ടാം ഫൈനൽ അലോട്മെന്റ് ഇന്ന് മുതൽ നാളെ (നവംബർ 2) വൈകുന്നേരം 5 മണി വരെ നടത്താം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട് മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും പങ്കെടുക്കാം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മെന്റിന് പരഗണിക്കപ്പെടാത്തവർക്കും അലോട്മന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാം. പിന്നീടുള്ള ആവശ്യങ്ങൾക്ക് പുതിയതായി ലഭിച്ച ആപ്ലിക്കേഷൻ നമ്പർ മതിയാകും. ഫൈനൽ അലോട്മന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. ഫൈനൽ അലോട്മെന്റിന്റെ ഒന്നാം അലോട്മെന്റ് ലിസ്റ്റ് നവംബർ 3ന് പ്രസിദ്ധീകരിക്കുന്നതും അലോട്മെന്റ് ലഭിക്കുന്നവർ 4ന് മുൻപായി ബന്ധപ്പെട്ട കോളജിൽ പ്രവേശനം നേടേണ്ടതുമാണ്. ഫൈനൽ അലോട്മെന്റിന്റെ ഒന്നാം അലോട്മെന്റ് ലിസ്റ്റ് വഴി പ്രവേശനം നേടിയിട്ടുള്ളവരെ ഒഴിവാക്കി നവംബർ 5ന് രണ്ടാം അലോട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഫൈനൽ അലോട്മെന്റിന്റെ രണ്ടാം അലോട്മെന്റ് ലിസ്റ്റ് വഴി പ്രവേശനം നേടിയിട്ടുള്ളവരെ ഒഴിവാക്കി നവംബർ 8ന് മൂന്നാം അലോട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഓരോ അലോട്മെന്റുകളിലും പ്രവേശനം നേടിയവർ ബന്ധപ്പെട്ട കോളജുകളിൽ പ്രവേശനം നേടാത്ത പക്ഷം അത്തരം അപേക്ഷകരെ തുടർ അലോട്മെന്റുകളിൽ അവരുടെ ഹയർ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതല്ല. നവംബർ 10ന് പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതും ആയതിന് ശേഷം പ്രവേശനം അനുവദിക്കുന്നതുമല്ല.

കേരള സർക്കാരിന്റെയും ഹൈക്കോടതിയുടെയും നിർദ്ദേശങ്ങളനുസരിച്ച് ഇത്തവണ മുതൽ കോളജുകൾക്ക് സ്പോട് അലോട്മെന്റ് അനുവദിക്കുന്നതല്ല. ആയതിനാൽ പി.ജി പ്രോഗ്രാമുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫൈനൽ അലോട്മെന്റിലൂടെ ഓപ്ഷനുകൾ നൽകേണ്ടതാണ്. മാനേജ്മെന്റ്/കമ്യൂണിറ്റി ക്വാട്ടാകളിലെ പ്രവേശന നടപടിക്രമങ്ങളും നവംബർ 10ന് പൂർത്തീകരിക്കണം.

സർവ്വകലാശാല ക്യാപ് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അഫിലിയേറ്റഡ് കോളജുകളിൽ പി.ജി പ്രവേശനം നേടയിട്ടുള്ള എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ സർവ്വകലാശാലയുടെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ നവംബർ 10ന് മുൻപായി അപ് ലോഡ് ചെയ്തിട്ടുണ്ടെന്നുള്ള സത്യവാങ്മൂലം എല്ലാ പ്രിൻസിപ്പൽമാരും അന്ന് വൈകുന്നേരം 5 മണിക്ക് മുൻപായി ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ നൽകേണ്ടതുമാണ്. നവംബർ 10ന് ശേഷം അപ് ലോഡിങ് സംബന്ധമായ യാതൊരു വിധ അപേക്ഷകളും പരിഗണിക്കുന്നതല്ല.

## അപേക്ഷാ തീയതി

ഒന്നും രണ്ടും സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം (2015 അഡ്മിഷൻ റഗുലർ, 2015ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) പ്രൈവറ്റ് വിദ്യാർത്ഥികളുടെയും, രണ്ടാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.സി.ജെ/എം.എം.എച്ച്/എം.എസ്.ഡബ്ല്യു/എം.ടി.എ മേഴ്സി ചാൻസ് (2012ന് മുൻപുള്ള അഡ്മിഷൻ (നോൺ സി.എസ്.എസ്) റഗുലർ (കോളജ് സ്റ്റഡി) വിദ്യാർത്ഥികളുടെയും, എം.എ/എം.എസ്.സി./എം.കോം മേഴ്സി ചാൻസ് (രണ്ടാം സെമസ്റ്റർ റഗുലർ -കോളജ് സ്റ്റഡി- 2001 മുതലുള്ള അഡ്മിഷൻ) ഒന്നാം വർഷ പ്രൈവറ്റ് - 2002, 2003 അഡ്മിഷൻ ആനുവൽ സ്കീം, ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് -2004 മുതുള്ള അഡ്മിഷൻ) വിദ്യാർത്ഥികളുടെയും ഡിഗ്രി പരീക്ഷകൾ ഡിസംബർ മാസം നടത്തും. അപേക്ഷകൾ പിഴകൂടാതെ നവംബർ 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 150 രൂപയും, വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 30 രൂപ വീതവും (പരമാവധി ഒരു സെമസ്റ്ററിന് 150 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. മേഴ്സി ചാൻസ് പരീക്ഷയ്ക്ക് ആദ്യതവണ അപേക്ഷിക്കുന്നവർ 5000 രൂപയും രണ്ടാം തവണ അപേക്ഷിക്കുന്നവർ 7000 രൂപയും, സ്പെഷ്യൽ ആന്റ് ഫൈനൽ മേഴ്സി ചാൻസിന് അപേക്ഷിക്കുന്നവർ 10000 രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

## പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി.ബി.സി.എസ്.എസ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ നവംബർ 16 മുതൽ ഡിസംബർ 2 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

## പരീക്ഷാ ഫലം

2016 മെയ് മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി കംപ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ് വർക്ക് ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 10 വരെ സ്വീകരിക്കും.

2016 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി അക്ച്യൂരിയൽ സയൻസ് (പി.ജി.സി.എസ്.എസ് - റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 14 വരെ സ്വീകരിക്കും.

2016 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇൻഫർമേഷൻ ടെക്നോളജി (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

## എൻ.ആർ.ഐ സിറ്റൊഴിവ്

എം.ജി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ ബി.എം.ആർ.ടി കോഴ്സിന് എൻ.ആർ.ഐ വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം കോട്ടയം ഗാന്ധിനഗറിലുള്ള എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ നവംബർ 4ന് രാവിലെ 11 മണിക്ക് എത്തണം. ഫോൺ 0481-6061012, 6061014.

## രാഷ്ട്രീയ ഏകതാ ദിനാചരണം നടത്തി

മഹാത്മാ ഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീം കാമ്പസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ ഏകതാ ദിനം ആചരിച്ചു. ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി സർവ്വകലാശാലയിൽ സംഘടിപ്പിച്ച ഇന്റർ കോളജിയറ്റ് ഡിബേറ്റ്, കൊളാഷ് മത്സരങ്ങളിൽ അരുൺ പി. ദ്രാവിഡ്, വൈശാഖ്, ബുൾബുൾ, അർജുൻ, ഫാത്തിമ തസ്നിം, ഗായത്രി എസ്, ഗോവിന്ദ് കമൽ, ജിലുമോൾ എന്നിവർ വിജയികളായി. ഏകതാദിന പ്രതിജ്ഞയ്ക്ക് വൈസ് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നേതൃത്വം നൽകി. പ്രോഗ്രാം ഓഫീസർ റിൻസിമോൾ മാത്യു, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, ഡോ. അജു. കെ. നാരായണൻ, വോളന്റിയർ സെക്രട്ടറി ഹരികൃഷ്ണൻ ആർ എന്നിവർ സംസാരിച്ചു.

## ഉത്തരക്കടലാസുകൾ എത്തിക്കണം

എം.ജി സർവ്വകലാശാല 2016 ഒക്ടോബർ മാസത്തിൽ നടത്തിയ അഞ്ചും മൂന്നും സെമസ്റ്റർ സി.ബി.സി.എസ്.എസ് (യു.ജി) പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി അതത് മേഖലാ കേന്ദ്രങ്ങളിൽ നവംബർ 3ന് മുൻപായി എത്തിക്കണം. വിശദമായ ഷെഡ്യൂൾ വെബ് സൈറ്റിലെ നോട്ടിഫിക്കേഷൻ ലിങ്കിൽ ലഭ്യമാണ്. ആലുവ സോൺ – യു.സി കോളജ് (സുബാഷ് സി.റ്റി, 9446089125), എറണാകുളം സോൺ – മഹാരാജാസ് കോളജ് (ശാലിനി എ ആർ, 9496822527), തൃപ്പൂണിത്തുറ സോൺ – ഗവ. സംസ്കൃത കോളജ് (മോഹനൻ കെ. റ്റി, 9400744975), കട്ടപ്പന സോൺ – ജെ.പി.എം ബി.എഡ് കോളജ് ലബ്ബക്കട (സുദർശൻ എം. എൻ, 9447901180), മൂവാറ്റുപുഴ – നിർമ്മല കോളജ് (ജ്യോതിസ് സി, 9447384554), പാലാ സോൺ – അൽഫോൺസ കോളജ് (ജോബി ഇ സി, 9744790141), കോട്ടയം സോൺ – സി.എം.എസ് കോളജ് (ഷേർളി ഒ. എക്സ്, 9400747253), ചങ്ങനാശ്ശേരി സോൺ – ക്രിസ്തു ജ്യോതി കോളജ് (മനോജ് ജി, 9447364493), കോഴഞ്ചേരി സോൺ – സെന്റ് തോമസ് കോളജ് (റൂബൻ ഡാനിയൽ – 9447700465).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)